"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-കൊല്ലം നഗരസഭയിൽ സാനിറ്റേഷൻ വർക്കർ ആയ ശ്രീ കെ.രവീന്ദ്രന്റെ ഭാര്യയുടെ ചികിത്സയ്ക്ക് ചിലവായ തുക റി-ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.77/2024/LSGD തീയതി,തിരുവനന്തപുരം, 09-01-2024

---

പരാമർശം:-

1. ശ്രീ കെ.രവീന്ദ്രൻ സമർപ്പിച്ച 1-10-2021ലെ അപേക്ഷ.
2. കൊല്ലം നഗരസഭ കൗൺസിലിന്റെ 8-12-2022 തീയതിയിലെ 10/10 നമ്പർ കൗൺസിൽ തീരുമാനം.
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 1-9-2023ലെ MR 4-298382/2023/ ആവഡ നമ്പർ കത്ത്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12-10-2023ലെ LSGD/PD/33342/2023-DEG1 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം നഗരസഭയിലെ സാനിറ്റേഷൻ വർക്കർ ശ്രീ കെ.രവീന്ദ്രന്റെ ഭാര്യയുടെ ചികിത്സയ്ക്ക് തിരുവനന്തപുരം RCC, ജില്ലാ ആശുപത്രി കൊല്ലം എന്നിവിടങ്ങളിൽ ചികിത്സ നടത്തിയതുമായി ബന്ധപ്പെട്ട ബില്ലുകൾ സമർപ്പിച്ചതിൽ സർക്കാർ നിരക്കുകൾ പ്രകാരം ടിയാന് അനുവദനീയമായ തുക 1,93,773 രൂപ(ഒരു ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എഴുനൂറ്റി എഴുപത്തിമൂന്ന് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത തുക റീ-ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിന് സർക്കാരിൽ നിന്നുള്ള അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം നഗരസഭയിലെ സാനിറ്റേഷൻ വർക്കർ ശ്രീ കെ.രവീന്ദ്രന്റെ ഭാര്യയ്ക്ക് തിരുവനന്തപുരം RCC, ജില്ലാ ആശുപത്രി കൊല്ലം എന്നിവിടങ്ങളിൽ ചികിത്സ നടത്തിയതുമായി ബന്ധപ്പെട്ട് പലിശ രഹിത ചികിത്സാ വായ്പ എടുത്തിട്ടില്ല എന്ന വിവരം കൊല്ലം അഡിഷണൽ കോർപ്പറേഷൻ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സർക്കാർ നിരക്കുകൾ പ്രകാരം ടിയാന് അനുവദനീയമായ തുക 1,93,773 രൂപ(ഒരു ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എഴുനൂറ്റി എഴുപത്തിമൂന്ന് രൂപ മാത്രം) അനുവദിക്കുന്ന വിഷയം കൊല്ലം നഗരസഭയുടെ 8-12-2022 തീയതിയിലെ കൗൺസിൽ യോഗത്തിൽ പരാമർശം(2) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, കൊല്ലം നഗരസഭയിലെ സാനിറ്റേഷൻ വർക്കർ ശ്രീ കെ.രവീന്ദ്രന്റെ ഭാര്യയുടെ കാൻസർ ചികിത്സയ്ക്ക് തിരുവനന്തപുരം RCC,ജില്ലാ ആശുപത്രി കൊല്ലം എന്നിവിടങ്ങളിൽ ചികിത്സ നടത്തിയതിന് ചിലവായ തുകയിൽ അനുവദനീയമായ

തുകയായ 1,93,773 രൂപയുടെ 80% തുകയായ 1,55,018രൂപ (ഒരു ലക്ഷത്തി അമ്പത്തിഅഞ്ചായിരത്തി പതിനെട്ടു രൂപ മാത്രം ) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത,അർഹത,കൃത്യത എന്നിവ പ്രിൻസിപ്പൽ ഡയറക്ടറും കൊല്ലം നഗരസഭ സെക്രട്ടറിയും പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിലും തുടർ പരിശോധനയിൽ ക്രമപ്രകാരമല്ലാതെയോ അധികമായോ തുക മാറി നൽകിയതായി കാണുന്ന പക്ഷം അപേക്ഷകൻ തുക തിരിച്ച് അടയ്ക്കാൻ ബാധ്യസ്ഥനാണെന്ന വ്യവസ്ഥയിലും ടി തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നോ ജനറൽപർപ്പസ് ഫണ്ടിൽ നിന്നോ അനുവദിക്കണമെന്ന വ്യവസ്ഥയിലും കേരള ഗവൺമെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡന്റ്സ് റൂൾസ് 1960 ബാധകമാക്കിയ 1998ലെ കേരള മുൻസിപ്പാലിറ്റീസ് (എംപ്ലോയീസ് മെഡിക്കൽ അറ്റൻഡന്റ്സ്)റൂൾ പ്രകാരം മെഡിക്കൽ റി-ഇംമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
(മെഡിക്കൽ ബില്ലുകൾ സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം നഗരസഭ.
ശ്രീ.കെ രവീന്ദ്രൻ, സാനിട്ടേഷൻ വർക്കർ, കൊല്ലം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 09-01-2024 16:14:13
സെക്ഷൻ ഓഫീസർ